# സാഹിത്യവാരഫലം

1971/12/12 (മലയാളനാട്ട്)

എം. കൃഷ്ണൻ നായർ


Copyright © 2014-2023, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

1971/12/12-ൽ മലയാളനാട് വാരികയിൽ പ്രസിദ്ധീകരിച്ചത്.

## ജംബുലിംഗം എത്ര യോഗ്യൻ!

പണ്ട് ഒരു സന്ധ്യാകാലത്തു നൈൽനദിയുടെ തീരത്തു വച്ച് ഒരു കഴുതപ്പുലി ഒരു ചീങ്കണ്ണിയെ കണ്ടു. അവർ അന്യോന്യം അഭിവാദനം ചെയ്തു. കഴുതപ്പുലി ചീങ്കണ്ണിയോടു ചോദിച്ചു: "സർ, സുഖമായി കഴിയുന്നോ?" ചീങ്കണ്ണി മറുപടി പറഞ്ഞു: "ഒരു സുഖവുമില്ല ചിലപ്പോൾ വേദനകൊണ്ടും വിഷാദംകൊണ്ടും ഞാൻ കരയും. അപ്പോഴൊക്കെ ജന്തുക്കൾ പറയുന്നത് 'അതു ചീങ്കണ്ണിക്കണ്ണീരാ'ണെന്നാണ്. ഇത് എന്നെ വല്ലാതെ വേദനിപ്പിക്കുന്നു".


ഖലീൽ ജിബ്രാൻ

അപ്പോൾ കഴുതപ്പുലി പറയുകയായി: "അങ്ങ് അങ്ങയുടെ വേദനയെക്കുറിച്ചും ദുഃഖത്തെക്കുറിച്ചും പറയുന്നു. എന്നാൽ എന്നെപ്പറ്റി ഒരുനിമിഷം വിചാരിക്കൂ. ഞാൻ ഈ പ്രപഞ്ചത്തിന്റെ സൗന്ദര്യം, അദ്ഭുതം, അസാധാരണത്വം എന്നിവ കണ്ട് നിസ്തുലമായ ആഹ്ലാദത്തോടെ ചിരിക്കുന്നു, പകൽ എങ്ങനെ ചിരിക്കുന്നുവോ അതുപോലെ. അപ്പോൾ കാട്ടിലുള്ളവർ പറയുന്നു, 'ഇത് കഴുതപ്പുലിയുടെ ചിരിമാത്ര'മാണെന്ന്". ഖലീൽ ജിബ്രാന്റെ കഥയാണിത്. ചീങ്കണ്ണിയുടെയും കഴുതപ്പുലിയുടെയും "ആത്മാർത്ഥത യെ"ക്കുറിച്ച് ആ ജന്തുക്കൾക്ക് ഒരു സംശയവുമില്ല. കാണുന്നവർക്ക് സംശയമുണ്ടെന്നുമാത്രം. മനോഹരമായ മലയാളനാടു വാരികയുടെ 27-ാം ലക്കത്തിൽ എന്റെ ഉത്തമസുഹൃത്ത് ശ്രീ. എം. തോമസ് മാത്യു എഴുതിയ "ആത്മാർത്ഥതയുടെ പ്രശ്നം" എന്ന പ്രബന്ധം വായിച്ചപ്പോൾ ഉടനെ എന്റെ ഓർമ്മയിലെത്തിയത് ജിബ്രാന്റെ ഈ കഥയാണ്. അഭിസംക്രമണക്ഷമത കലയുടെ ഘടകമല്ല, ദുർഗ്രഹത അതിന്റെ ദോഷമല്ല, സാധാരണമനുഷ്യന് അത് അടിമയല്ല എന്നൊക്കെ അദ്ദേഹം വീറോടെ വാദിച്ചിട്ട് സ്വന്തം "ആത്മാർത്ഥത"യെ ഭംഗ്യന്തരേണ വിളംബരം ചെയ്യുന്നു. ആ വിമലാത്മതയെക്കുറിച്ച്, സത്യസന്ധതയെക്കുറിച്ച് അദ്ദേഹത്തിന് ഒരു സന്ദേഹവുമില്ല. എങ്കിലും എനിക്കു സന്ദേഹം, എന്നെപ്പോലെ വേറെ ചിലയാളുകൾക്കും സന്ദേഹം. ചിരിക്കുന്നവരും കരയുന്നവരും പറയും തങ്ങൾ നിർവ്യാജമായിട്ടാണ് അങ്ങനെ ചെയ്യുന്നതെന്ന്. അവർ അങ്ങനെ ഉദ്ഘോഷിച്ചുകൊള്ളട്ടെ. നമ്മൾ അതംഗീകരിക്കാൻ നിർബ്ബദ്ധരല്ലല്ലോ. ഇതൊക്കെയാണെങ്കിലും തോമസ് മാത്യു നല്ലൊരെഴുത്തുകാരനാണ്. തനിക്കു പറയാനുള്ളത് തറപ്പിച്ചു പറയാൻ അദ്ദേഹത്തിനറിയാം. തന്റെ പ്രതിയോഗികളെന്നു കരുതുന്നവരെ അസഭ്യങ്ങളിൽ കളിപ്പിക്കാനും ദുർഭാഷണങ്ങളിൽ പൊതിയാനും അദ്ദേഹത്തിനു വലിയ വൈദഗ്ദ്ധ്യമാണ്. ഈ പ്രാഗല്ഭ്യത്തിനു നിദർശകമായിട്ടുണ്ട് അദ്ദേഹത്തിന്റെ പ്രബന്ധം. എന്നാലും അതിനൊന്നും ഞാൻ മറുപടി പറയുന്നില്ല. കാരണം കലയിലെ ദുർഗ്രഹത ദോഷമാണ്, അഭിസംക്രമണക്ഷമതയുടെ അഭാവം വലിയ ന്യൂനതയാണ് എന്നൊക്കെ പല പരിവൃത്തി ഞാൻ സ്ഥാപിക്കാൻ ശ്രമിച്ചിട്ടുണ്ട് എന്നതുതന്നെ. ഒരിക്കൽ പറഞ്ഞ കാര്യം പിന്നെയും പിന്നെയും പറയരുതല്ലോ. ദുർഗ്രഹതയെ നിന്ദിക്കുന്നവരെ എന്റെ അഭിവന്ദ്യസുഹൃത്ത് എങ്ങനെ നിന്ദിക്കുന്നുവെന്നുമാത്രം കാണിച്ചുകൊണ്ടു ഞാൻ ഇത് അവസാനിപ്പിക്കാം. അദ്ദേഹം പ്രസ്താവിക്കുന്നു:

> "വായിച്ചാൽ പിടികിട്ടിയില്ലെങ്കിൽ വിലകൊടുത്തുപോയല്ലോ എന്ന നിരാശയോടുകൂടി ഇതു ഞങ്ങൾക്കു മനസ്സിലാകുന്നില്ല പിന്നെ ഇതാർക്കുവേണ്ടിയെന്നു പഠിക്കാത്ത പാമരനും പഠിച്ച പാമരനും ഒറ്റക്കെട്ടായിനിന്നു ഗർജ്ജിക്കുന്നു. ഈ രാജ്യത്തെ ബഹുജനങ്ങൾക്കു (ഹാ, ഈ രാജ്യത്തെ ബഹുജനം!) ഉൾക്കൊള്ളാനും വളരാനും പറ്റിയ രീതിയിൽ എഴുതുക എന്ന നിർദ്ദേശത്തോടുകൂടിയാണ് ഈ ഗർജ്ജനം അവസാനിക്കുക" (പുറം, 14, 15) .


ശ്രീമാൻ തോമസ് മാത്യു 'നിരാശത' എന്ന അർത്ഥത്തിൽ 'നിരാശ' എന്നെഴുതുന്നു. 'നിരാശൻ' ആശയറ്റവൻ, 'നിരാശ' ആശയറ്റവൾ. നിരാശന്റെയും നിരാശയുടെയും ഭാവം 'നിരാശത' അല്ലെങ്കിൽ 'നൈരാശ്യം'. "കുറേക്കൂടി വലിയ ദുഃഖത്തെ അഭിമുഖീകരിക്കാൻ" എന്നു മറ്റൊരു പ്രയോഗം (പുറം 15). അഭിമുഖീകരിക്കുക എന്നാൽ അഭിമുഖമാക്കുക എന്നാണർത്ഥം. "ദുഃഖത്തിന് അഭിമുഖീഭവിച്ചുകൊണ്ടു" എന്ന് എഴുതുന്നതാണ് ശരി. "അയാളുടെ മുമ്പിൽ ജനിക്കാൻ" എന്ന വേറൊരു പ്രയോഗം (പുറം 51) മുൻപിൽ എന്നെഴുതണം. "സ്വയം സമർപ്പിക്കാൻ കവി നിർബന്ധിതനാണ്" (പുറം 52) "...കവി നിർബ്ബദ്ധനാണ്" എന്നതാണ് ശരിയായ രൂപം. ഈ തെറ്റുകളൊക്കെ ക്ഷമിക്കത്തക്കവയാണ്. എന്നാൽ ഒരിക്കലും ക്ഷമിക്കാൻ വയ്യാത്ത ഒരു തെറ്റ് ഈ പ്രബന്ധത്തിലുണ്ട്. അത് ഇതാ: "...അമൂർത്തമായി നില്ക്കുന്ന അനുഭൂതിയെ, ദർശനത്തെ, സുഗ്രഹവും സമൂർത്തവുമാക്കാനാണ് ഏതു കവിയും പാടുപെടുന്നത്" (പുറം 15) 'സമൂർത്തം' എന്നൊരു പ്രയോഗമില്ല. മൂർത്ത ശബ്ദത്തിന്റെ അർത്ഥം ശരീരമുള്ളതെന്നാണ്. അതിനൊരു 'സ' ചേർക്കുന്നത് തികഞ്ഞ തെറ്റാണ്. "മൂർത്തോവിഘ്നസ്തപസ ഇവ" എന്ന ശാകുന്തളത്തിലേയും "പ്രസാദ ഇവ മൂർത്തസ്തേ സ്പർശഃ സ്നേഹാർദ്രശീതലഃ" എന്ന് ഉത്തരരാമചരിതത്തിലേയും പ്രയോഗങ്ങൾ നോക്കുക. തോമസ് മാത്യു 'പഠിക്കാത്ത പാമരനെ'യും 'പഠിച്ച പാമരനെ'യും കുറിച്ചു പറയുന്നുണ്ടല്ലോ. 'സമൂർത്തം' എന്നു പ്രയോഗിച്ച അദ്ദേഹം ഇതിൽ ഏതു വിഭാഗത്തിൽ ഉൾപ്പെടും?

ഞാൻ മൂന്നുകൊല്ലമായി 'മലയാളനാട്ടി'ൽ തുടരെ എഴുതുന്നു. ഇന്നുവരെ ആ വാരികയെ മനോഹരമെന്ന് വിശേഷിപ്പിച്ചിട്ടില്ല. ഇപ്പോൾ അങ്ങനെ പറഞ്ഞത് അതിന്റെ കവർപേജ് കണ്ടാണ്. ശ്രീ. ആർ. രാജനെടുത്ത ഒരു ഫോട്ടോ. സുന്ദരിയായ ഒരു യുവതി താടിയിൽ കൈ ചേർത്ത് അകലെ നോക്കി നില്ക്കുന്നു. അവരുടെ വിശാലനയനങ്ങളിൽ സ്ഫുരികരിക്കുന്നത് കുലീനത മാത്രം. മനസ്സിന് ഉന്മനം ഉളവാക്കുന്ന സൗന്ദര്യമാണത്. ആ ചിത്രം കണ്ടതിനു ശേഷമാണു ഞാൻ മലയാളനാട്ടിലെ 'അഭിശാപം' എന്ന ചെറുകഥ വായിച്ചത്. അതിനുമുണ്ട് മാനസികോന്മനം ജനിപ്പിക്കുന്ന സൗന്ദര്യം അതിനാൽ രണ്ടുവിധത്തിലും മലയാളനാട് മനോഹരം തന്നെ. 'അഭിശാപ'മെഴുതിയ ആരണ്യൻ എന്ന സിദ്ധികളുള്ള കലാകാരൻ ഒരു വൃദ്ധന്റെ തെളിഞ്ഞ ചിത്രം നമുക്ക് ആദ്യമായി നല്കുന്നു. ഏതാനും വാക്കുകൾകൊണ്ട് ആ വൃദ്ധന്റെ ദയനീയാവസ്ഥ, ഒരുകാലത്ത് അയാൾക്കുണ്ടായിരുന്ന ഗാംഭീര്യം, അയാളുടെ സ്നേഹപരതന്ത്രമായ മനസ്സ് ഇവയെയെല്ലാം അദ്ദേഹം അഭിവ്യഞ്ജിപ്പിക്കുന്നു. മരണത്തിന്റെ വക്കിലെത്തി നില്ക്കുന്ന ആ വൃദ്ധനെ നാം ബഹുമാനിക്കുന്നു, സ്നേഹിക്കുന്നു, ഒട്ടാകെ ദുഃഖത്തോടെ നോക്കുന്നു. അങ്ങനെ വിവിധവികാരങ്ങളോടുകൂടി നാം നില്ക്കുമ്പോൾ ഒരു ബാലൻ അയാളുടെ മുൻപിൽ പരാതിയുമായി വരുന്നു. "കുഞ്ഞീഷ്ണൻ ഇല്ലത്തെ വളപ്പീന്ന് തേങ്ങാ പറിച്ചീന്." ബാലൻ പരാതി ആവർത്തിച്ചപ്പോൾ നാളികേരം മോഷ്ടിച്ച ചെറുക്കനെ കൂട്ടിക്കൊണ്ടുവരാൻ വൃദ്ധൻ ആജ്ഞാപിച്ചു. പരാതിക്കാരൻ പോയപ്പോൾ അയാൾ കിളിയുടെ മുട്ടയെടുക്കാൻ മരത്തിൽ കയറിയ മകനെക്കുറിച്ച് ഓർമ്മിക്കുകയായി. മരത്തിലിരിക്കുന്ന മകനെ നോക്കി 'എടാ വികൃതി' എന്ന് അയാൾ വിളിച്ചു. മകൻ ഞെട്ടി താഴെ വീണു, ഉടഞ്ഞ മുട്ടയുടെ മഞ്ഞക്കരു അവന്റെ കൈയിലൂടെ ഒലിച്ചിറങ്ങി, രക്തം തലയിൽനിന്നും. വർഷങ്ങൾക്കു മുൻപ് നഷ്ടപ്പെട്ട ആ മകനെ സ്മരിച്ച് നനഞ്ഞ കണ്ണുകളോടുകൂടി വൃദ്ധൻ ഇരിക്കുമ്പോൾ തേങ്ങ മോഷ്ടിച്ച കുഞ്ഞുകൃഷ്ണൻ അയാളുടെ മുൻപിലെത്തി. വൃദ്ധൻ അവന്റെ കൈ രണ്ടും കൂട്ടിപ്പിടിച്ചു. അവൻ ഞെട്ടി; പരാതിക്കാരനും ഞെട്ടി. എന്തൊരു ഭയങ്കരമായ ശിക്ഷയായിരിക്കും ഉണ്ടാകാൻ പോകുന്നത്! പക്ഷേ, വൃദ്ധൻ സ്നേഹത്തോടെ, കാരുണ്യത്തോടെ അവനോടു ചോദിച്ചു: "എന്റെ കുഞ്ഞേ, നീ ... വീണോ മറ്റോ പോയാൽ ..." ഇക്കഥ എങ്ങനെ എന്റെ ഹൃദയത്തെ പിടിച്ചുകുലുക്കി, എങ്ങനെ എന്നെ മറ്റൊരാളാക്കി മാറ്റി എന്ന് വ്യക്തമാക്കാൻ ഞാൻ അശക്തനാണ്. ഒരിംഗ്ലീഷു വാക്കുകൊണ്ട് ഞാൻ ഈ ചെറുകഥയെ വിശേഷിപ്പിക്കുന്നു Sublime (ഉദാത്തം) ... സ്വകീയമായ ജീവിതസുഖം കണ്ടെത്തിയ ഒരു യുവതിയെ സുചേതയും കപടജീവിതം നയിക്കുന്ന ദമ്പതികളെ ശ്രീ. സുകുമാറും അവതരിപ്പിക്കുന്നു (രണ്ടു കഥകളും മലയാളനാട്ടിൽ). സുചേത ഗാംഭീര്യത്തോടെയാണ് കഥാവസ്തു പ്രതിപാദനം ചെയ്യുന്നത്. സുകുമാറാകട്ടെ ഫലിതാത്മകമായും. ആ ഗാംഭീര്യത്തിലൊരു നാട്യമുണ്ട്. ആ ഫലിതത്തിൽ ഹാസ്യചിത്രകാരന്റെ സ്ഥൂലീകരണമുണ്ട്. രണ്ടും ഒഴിവാക്കിയിരുന്നെങ്കിൽ കഥകളുടെ ആകർഷകത്വം കൂടുമായിരുന്നു.

പ്രതിരൂപാത്മകത്വം രണ്ടുവിധത്തിലാണെന്ന് എം. ഗ്രീൻ എന്ന കലാനിരൂപകൻ പറയുന്നു. പ്രാഥമികവും ഗൗണവും. കുരിശെന്ന പദത്തിന് നിഘണ്ടു നല്കുന്ന അർത്ഥം പ്രാഥമിക പ്രതിരൂപാത്മകതയാണ്. ക്രൈസ്തവമതത്തിനാകെ കുരിശു പ്രാതിനിധ്യം വഹിക്കുന്നത് ഗൗണമായ പ്രതിരൂപാത്മകതയാലാണ്. ടാഗോറിന്റെ "ഗീതാഞ്ജലി"യിൽ ഗൗണമായ പ്രതിരൂപാത്മകത്വം നാം കാണുന്നു. അതിലെ പ്രതിരൂപങ്ങൾ പരമ്പരാഗതമാണ്. ഈ പാരമ്പര്യത്തെ ലംഘിച്ച് ആരെങ്കിലും ഒരു പ്രതിരൂപം പ്രയോഗിച്ചാൽ അതിന്റെ അർത്ഥം ആർക്കും മനസ്സിലാകുകയില്ല. അർത്ഥം മനസ്സിലായില്ലെങ്കിൽ ഹൃദയസംവാദമുണ്ടാകുകയില്ല. കലാസ്വാദനം സാദ്ധ്യമാകാതെ വരികയും ചെയ്യും. നവംബർ ലക്കം "വിശാലകേരള"ത്തിൽ "അല്പം മൂലധനത്തിനുവേണ്ടി ഒരു പരസ്യം" എന്ന ചെറുകഥയെഴുതിയ ശ്രീ. കെ. എൽ. മോഹനവർമ്മ ശിവലിംഗം എന്നൊരു സ്വകീയമായ പ്രതിരൂപം പ്രയോഗിക്കുന്നു. സ്വകീയമായതുകൊണ്ട് ആ പ്രതിരൂപം ഏതാശയത്തിന് പ്രാതിനിധ്യം വഹിക്കുന്നുവെന്ന് വ്യക്തമല്ല. അതിനാൽ അദ്ദേഹത്തിന്റെ കഥ കലയുടെ മണ്ഡലത്തിൽ പ്രവേശിക്കുന്നില്ല. പ്രതിരൂപാത്മകത്വം ഇല്ലാത്ത ഒരു കഥ മോഹനവർമ്മ "മാതൃഭൂമി" ആഴ്ചപ്പതിപ്പിൽ എഴുതിയിട്ടുണ്ട്. ഒരുവൻ വിവാഹം കഴിഞ്ഞു ഭാര്യയുമായി സ്വന്തം വീട്ടിലേക്കു മടങ്ങുന്നു. അയാളുടെ കൂട്ടുകാരൻ നാരായണൻകുട്ടിയാണ് കാറോടിക്കുന്നത്. അവരുടെ കൂടെ വിവാഹം കഴിഞ്ഞവന്റെ ചേച്ചിയുണ്ട്, അമ്മയുണ്ട്. ചേച്ചിയെ ഭർത്താവ് ഉപേക്ഷിച്ചു കഴിഞ്ഞു. ചേച്ചിയൊഴിച്ച് മറ്റുള്ള എല്ലാവരും സംഭാഷണത്തിൽ മുഴുകി. വിഷയം ചേച്ചിയുടെ ദയനീയാവസ്ഥ തന്നെ. അങ്ങനെ സംസാരിച്ചു സംസാരിച്ച് അവർ വീട്ടിലെത്തുന്നു. നാരായണൻകുട്ടി യാത്രപറഞ്ഞു പോകുമ്പോൾ കഥ അവസാനിക്കുന്നു. നവദമ്പതികളുടെ ആഹ്ലാദം ചിത്രീകരിച്ച് ചേച്ചിയുടെ വിഷാദത്തിന്റെ തീക്ഷ്ണത കാണിക്കുവാനും വിവാഹത്തിന്റെ പൊള്ളത്തരം ചിത്രീകരിക്കാനുമാണ് മോഹനവർമ്മയുടെ ശ്രമം. പക്ഷേ, ആ യത്നം വിജയഭാസുരമാകുന്നില്ല. വൈകാരികത്വം കലർന്ന സംഭവങ്ങളെ തിരഞ്ഞെടുത്ത് വേണ്ട രീതിയിൽ യോജിപ്പിക്കുമ്പോൾ കഥയ്ക്ക് വ്യഞ്ജകത്വം എന്ന ഗുണം ലഭിക്കുന്നു. അങ്ങനെയുള്ള ഒരു തിരഞ്ഞെടുക്കൽ ഇവിടെയില്ല. മോഹനവർമ്മ കുറേ വാക്യങ്ങൾ എഴുതിവയ്ക്കുന്നു. അതിൽക്കവിഞ്ഞ് ഇവിടെ ഒന്നുമില്ല.

എന്റെ അപ്പൂപ്പൻ—അമ്മയുടെ അച്ഛൻ—അയ്മനം കുട്ടൻപിള്ള എന്ന പ്രശസ്തനായ ഉസ്തിക്കാരനായിരുന്നു. ശുചീന്ദ്രത്തിനടുത്തുള്ള അഴകപ്പാപുരം എന്ന സ്ഥലത്ത് കുറേക്കാലം താമസിച്ചിട്ട് ഞാൻ അദ്ദേഹത്തെ കാണാൻ തിരുവനന്തപുരത്തുവന്നു. എന്നെ കണ്ടയുടനെ അപ്പൂപ്പൻ ചോദിച്ചു: "ജംബുലിംഗത്തിന്റെ നാടല്ലേ അവിടം?" ഞാൻ മറുപടി പറയുന്നതിനു മുൻപു അദ്ദേഹം പറഞ്ഞുതുടങ്ങി: "കുറെ വർഷം മുൻപാണ് ഞാൻ ആരുവാമൊഴിയിൽ പോയിട്ട് തിരിച്ചു വരികയായിരുന്നു കാറോടിക്കുന്നത് ഞാൻ തന്നെ. കാറിനകത്ത് വേറെ യാരുമില്ലതാനും. രാത്രി തിരിച്ചുപോകുന്നത് ആപത്താണെന്നു ആരുവാമൊഴിയിലെ ചിലയാളുകൾ അറിയിച്ചിട്ടും ഞാൻ കൂട്ടാക്കിയില്ല ഒരു മണിയോട് അടുത്തപ്പോൾ ഞാൻ ശുരാംകുടി എന്ന സ്ഥലത്തെത്തി. റോഡിന്റെ രണ്ടുവശവും കാടുകൾ, പെട്ടെന്ന് ഒരു മരത്തിന്റെ മുകളിൽ തീപ്പന്തം മിന്നി. വകവയ്ക്കാതെ ഞാൻ വേഗത്തിൽ കാറോടിച്ചു. ഒരു ഫർലാംഗ് ആയില്ല. അതിനു മുൻപ് എനിക്കു കാറു നിറുത്തേണ്ടതായി വന്നു. വലിയ തടികൾ റോഡിനു കുറുകെ പിടിച്ചിട്ടിരുന്നു. പെട്ടെന്നു പത്തുപന്ത്രണ്ടുപേർ എന്റെ കാറിനു ചുറ്റും കൂടി. അവരിൽ ഒരുത്തൻ—പ്രമാണി—തമിഴിൽ എന്നോടു പറഞ്ഞു: 'ഞാനാണ് ജംബുലിംഗം. ഉള്ളതെല്ലാം എടുക്ക്. ഞാൻ പേഴ്സും വാച്ചും കൊടുത്തു. അപ്പോഴാണ് ഹനുമാന്റെ മന്ത്രം ജപിച്ച് എന്റെ കഴുത്തിൽ കെട്ടിയിരുന്ന രക്ഷയുടെ സ്വർണ്ണച്ചെയിൻ ജംബുലിംഗം പന്തത്തിന്റെ വെളിച്ചത്തിൽ കണ്ടത്. 'അതും എടുക്ക' എന്നായി അയാൾ. ഞാൻ അതും ഊരിക്കൊടുത്തു. 'ഇനി പോയ്ക്കോ' അവസാനത്തെ കല്പന. ഞാൻ കാർ സ്റ്റാർട്ട് ചെയ്തു ആക്സിലേറ്ററിൽ കാലമർത്തി. കാറു നീങ്ങി. അപ്പോൾ വീണ്ടും ശബ്ദം "നിറുത്ത്". ഞാൻ കാറുനിറുത്തി. ജംബുലിംഗം ചോദിക്കുകയാണ്: "പെട്രോളിനു രൂപയുണ്ടോ" ഇല്ലെന്നു ഞാൻ മറുപടി നല്കിയപ്പോൾ അയാൾ ഇരുപതു രൂപ എനിക്കു തന്നു. ഞാനതുംകൊണ്ടു പോരികയും ചെയ്തു." ഈ യഥാർത്ഥസംഭവം ഞാനിപ്പോൾ ഓർമ്മിക്കാൻ കാരണമുണ്ട്. മാതൃഭൂമിയിൽ ശാരദാമണി "ഇവിടെ വിശേഷമൊന്നുമില്ല" എന്ന പേരിൽ ഒരു കഥയെഴുതിയിരിക്കുന്നു. ഞാനതു വായിച്ചു എന്നതുതന്നെ കാരണം. ഒരു കൊള്ളത്തലവൻ ഒരു ഡോക്ടറെ ബലാത്കാരമായി പിടിച്ച് അയാളുടെ കുടാരത്തിൽ കൊണ്ടുപോകുന്നു. അവിടെ വയറുകടി പിടിച്ചുകിടക്കുന്നവരെ ചികിത്സിക്കാനാണു ഡോക്ടറെ കൊണ്ടുപോയത്. അദ്ദേഹം അവർക്കു മരുന്നുകൊടുത്തു, കൊള്ളക്കാർ സുജനമര്യ പൊലിച്ചു പെരുമാറി. അദ്ദേഹത്തെ സൽക്കരിച്ചു. എവിടെനിന്നു ഡോക്ടറെ പിടിച്ചുകൊണ്ടുപോയോ അവിടെത്തന്നെ കൊണ്ടുവിടുകയും ചെയ്തു. എന്റെ യഥാർത്ഥസംഭവവും ഈ സാങ്കല്പികകഥയും കൊള്ളക്കാരന്റെ സ്വഭാവവൈശിഷ്ട്യത്തെ പ്രദർശിപ്പിക്കുന്നു. പക്ഷേ, ശാരദാമണിയുടെ കഥ എന്റെ ഉള്ളിൽ തട്ടുന്നില്ല, ചടുലമായ ആഖ്യാനം ഈ കഥയിലില്ല എന്നതാണു ന്യൂനത.

ശ്രീ. എം. കരുണാനിധി (മദ്രാസ് മുഖ്യമന്ത്രി) എഴുതിയ 'ചങ്ങലസ്സാമികൾ' എന്നൊരു കഥ തർജ്ജമ ചെയ്തു 'കുങ്കുമം' വാരികയിൽ പരസ്യം ചെയ്തിരിക്കുന്നു. സഹചരനെക്കൊണ്ട് പാളമിളക്കിച്ചതിനുശേഷം, അവിടെ എത്തുന്നതിനു മുൻപ് ചങ്ങല പിടിച്ചു തീവണ്ടി നിറുത്തിയ ഒരു സ്വാമി നാട്ടിലെങ്ങും യശസ്സ് ആർജ്ജിച്ചു. സ്വാമിയുടെ ദിവ്യമായ നേത്രമാണ് ആപത്തു മുൻകൂട്ടിയറിഞ്ഞതെന്ന് ആളുകൾ വിശ്വസിച്ചു. ആ സ്വാമി ഒരു മുതലിയാരുടെ വെള്ളി മോഷ്ടിച്ചുകൊണ്ടു കടന്നുകളഞ്ഞു. മുതലിയാരുടെ സഹചരൻ സ്വാമിയെ നിഗ്രഹിച്ചു. മൃതദേഹം ഒരു മുറിയിലിരുത്തിയിട്ട് സ്വാമി സമാധിപ്രാപിച്ചുവെന്ന് അവർ പറഞ്ഞുപരത്തി. ഭക്തജനങ്ങൾ സ്വർണ്ണവും വെള്ളിയും മൃതദേഹത്തിൽ വർഷിച്ചു. അങ്ങനെ മുതലിയാർ ധനികനായി. ഇതാണ് കരുണാനിധിയുടെ കഥ. ഇത്ര ബാലിശമായ മറ്റൊരു കഥ ഞാൻ വായിച്ചിട്ടില്ല. സാഹിത്യത്തിന്റെ നേർക്കുള്ള ഒരു കൊഞ്ഞനം കാണിക്കലാണ് ഇക്കഥയെന്ന് ഇതു വായിക്കാനുള്ള ദൗർഭാഗ്യമുണ്ടായ ആരും പറഞ്ഞുപോകും. മൂന്നു കഥകൾ കൂടിയുണ്ട് കുങ്കുമം വാരികയിൽ. ശ്രീ. പി. കെ. ശിവദാസമേനോന്റെ 'നിഗൂഢതയുടെ കുടാരത്തിൽ' ശ്രീ. രത്നാകരന്റെ 'അമ്മാളു'. അരസികനും വിഡ്ഢിയുമായ ഒരുവനെ വിവാഹം കഴിച്ച ഒരു പെൺകുട്ടിയുടെ വൈഷമ്യമാണ് ചന്ദ്രന്റെ കഥയിൽ പ്രതിപാദിക്കുന്നത്, വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നുവെന്നു പത്രത്തിൽ പരസ്യം കൊടുത്ത ഒരുത്തൻ തനിക്കു കിട്ടിയ മറുപടിയുമായി പെൺകുട്ടികളുടെ ഹോസ്റ്റലിൽ കയറി 'ഭാവിഭാര്യ'യെ തിരയുന്നതാണ് രണ്ടാമത്തെ കഥയുടെ വിഷയം. സ്ത്രീകളുടെ മാനസികനിലയെ രണ്ടു കഥകളിലും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും കലാത്മകത്വത്തിന്റെ കാര്യത്തിൽ അവയ്ക്ക് ഒരു മേന്മയുമില്ല. അയ്യാവിന്റെ ഭാര്യ അമ്മാളു. അവരുടെ വിവാഹം കഴിഞ്ഞിട്ടു വർഷം അഞ്ചായെങ്കിലും സന്താനമുണ്ടായില്ല. കൊല്ലപ്പണിക്കാരനായ അയ്യാവ് ജന്മിയും അരോഗദൃഢഗാത്രനുമായ കുമാരപിള്ളയ്ക്കു നിർമ്മിച്ചുകൊടുത്ത കൊഴു അയാളുടെ വയൽ പിളർന്നുമറിക്കുന്നതു കണ്ടപ്പോൾ അമ്മാളുവിന്റെ ഹൃദയം സ്പന്ദിച്ചു. അയ്യാവില്ലാത്ത ഒരു രാത്രിയിൽ അവരുടെ അഭിലാഷത്തിനു സാഫല്യമുണ്ടായി. കാമത്തിന്റെ ശക്തിയെ അഭിവ്യഞ്ജിപ്പിക്കുന്ന കഥ. ആഖ്യാനപാടവവും അഭിനന്ദനാർഹം. കഥയ്ക്ക് ശ്രീ. രാധാകൃഷ്ണൻ വരച്ചുചേർത്ത ചിത്രം ഭാവവ്യഞ്ജകമത്രേ.


ഹെർമൻ ഹെസ്സി

"സ്ഫടികമണി വിനോദം" (The Glass Bead Game or Magister Ludi) എന്ന നോവലെഴുതിയതിനാണ് ഹെർമൻ ഹെസ്സിക്കു നോബൽസമ്മാനം നല്കിയത്. ആ നോവലിൽ ചൈനീസ് ഗ്രന്ഥകാരനായ ലൂബുവേയുടെ "വസന്തവും ശരത്തും" എന്ന ഗ്രന്ഥത്തിൽനിന്ന് ചില വാക്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. തർജ്ജമ താഴെ ചേർക്കുന്നു.

> "സംഗീതത്തിന്റെ ഉദ്ഭവം വിദൂരമായ ഭൂതകാലത്തിലാണ്. ലയത്തിൽ നിന്നാണ് അത് ഉദ്ഭവിക്കുന്നത്; മഹനീയമായ അദ്വൈതത്തിൽ അത് വേരോടിനില്ക്കുകയും ചെയ്യുന്നു. ലോകം പ്രശാന്താവസ്ഥയിലായിരിക്കുമ്പോൾ, എല്ലാം അക്ഷുബ്ധമായിരിക്കുമ്പോൾ എല്ലാ ആളുകളും അധീശസ്വഭാവമുള്ളവരെ എല്ലാക്കാര്യത്തിലും അനുസരിക്കുമ്പോൾ സംഗീതത്തെ അന്യൂനാവസ്ഥയിലെത്തിക്കാം. ആഗ്രഹങ്ങളും വികാരങ്ങളും തെറ്റിയ മാർഗ്ഗത്തിൽ പോകാതിരിക്കുമ്പോൾ സംഗീതത്തെ അന്യൂനാവസ്ഥയിലെത്തിക്കാം. കുറ്റമറ്റ സംഗീതത്തിനു കാരണമുണ്ട് സമനിലയിൽ നിന്നാണ് അതുണ്ടാകുന്നത്. സമനില ധർമ്മത്തിൽ നിന്നും. പ്രപഞ്ചത്തിന്റെ അർത്ഥത്തിൽനിന്നാണ് ധർമ്മത്തിന്റെ ഉദ്ഭവം, അതിനാൽ പ്രപഞ്ചത്തിന്റെ അർത്ഥം മനസ്സിലാക്കിയവനോടു മാത്രമേ സംഗീതത്തെക്കുറിച്ചു സംസാരിക്കാനാവൂ. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ഐക്യത്തിലാണ് സംഗീതം അധിഷ്ഠാനം ചെയ്തിരിക്കുന്നത്. ജീർണ്ണിക്കുന്ന രാഷ്ട്രങ്ങൾക്കും നാശോന്മുഖരായ ആളുകൾക്കും സംഗീതമില്ലാതില്ല. പക്ഷേ, അവരുടെ സംഗീതം പ്രശാന്തമല്ല. സംഗീതം എത്രത്തോളം കൊടുങ്കാറ്റുപോലെയാകുമോ അത്രത്തോളം ജനങ്ങൾ ശോകാകുലമാകുന്നു, അത്രത്തോളം രാജ്യം ആപത്തിലണയുന്നു ... ഇങ്ങനെ സംഗീതത്തിന്റെ സാരം നഷ്ടപ്പെടുന്നു."

കെ. പി. എ. സി.-യിലെ അഭിനേത്രിയായിരുന്ന സുലോചന പ്രശാന്തസംഗീതം പകർന്നുതരുന്ന അനുഗൃഹീതയാണ്. ഈ സത്യം ശ്രീ. വി. ബി. സി. നായർ പറഞ്ഞപ്പോൾ എനിക്കു വലിയ ആഹ്ലാദമുണ്ടായി (മലയാളനാട്—പുറം 61). മധുരനാദംകൊണ്ടു കലയുടെ സ്വർണ്ണഗോപുരം നിർമ്മിക്കുന്ന സുലോചന ഇനിയും നാടകവേദിയിൽ പ്രത്യക്ഷയാകട്ടെ.

സുലോചന ഒരിക്കൽ എന്നോടു പറഞ്ഞു: "സർ, ഞാൻ കമ്മ്യൂണിസത്തിൽ വിശ്വസിക്കുന്നു; എങ്കിലും എനിക്ക് ഈശ്വരവിശ്വാസമുണ്ട്". ശ്രീ. വെട്ടൂർ രാമൻനായരുടെ മനോഹരമെങ്കിലും കാനനമധ്യത്തിലുള്ള ഭവനത്തിലേക്ക് കയറാൻ പടികൾ ചവിട്ടുമ്പോൾ ശ്രീ. എൻ. വി. കൃഷ്ണവാര്യർ ചോദിച്ചു: "എത്ര പടികളുണ്ട്?" വെട്ടൂർ മറുപടി നല്കി. എൻ. വി. വീണ്ടും ചോദിച്ചു, "എന്തേ പതിനെട്ടുപടികളാക്കാത്തത്?" ആധ്യാത്മികതയെ ലക്ഷ്യമാക്കിയുള്ള ചോദ്യം. ഭൗതികവാദികൾ തങ്ങളറിയാതെ സ്വകീയങ്ങളായ മാനസിക നിലകളെ വ്യക്തമാക്കുന്ന സന്ദർഭങ്ങളാണിവ. ശ്രീ. വിഷ്ണുനാരായണൻനമ്പൂതിരി മാതൃഭൂമിയിലെഴുതിയ "തിങ്കൾക്കല" എന്ന സുന്ദരമായ പ്രേമഗാനം വായിച്ചപ്പോൾ ഞാൻ എൻ. വി. കൃഷ്ണവാര്യരുടെ ചോദ്യം ഓർമ്മിച്ചു. ആധ്യാത്മികതയുടെ ഔന്നത്യത്തിലേക്ക് കയറിച്ചെല്ലാൻ എനിക്ക് ഈ കവിത പ്രയോജനപ്പെട്ടു. കവിക്കും പത്രാധിപർക്കും കൃതജ്ഞത.

□

## എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിന ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിന ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിന ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിന ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലോ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014